വിനോദ സഞ്ചാര ദിശാബോർഡുകൾ

30 (*390) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് വ്യക്തമായ ദിശ അറിയിക്കുന്നതിന് പാതയോരങ്ങളിൽ ആധുനിക രീതിയിലുള്ള ദിശാ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(സി) എന്തെല്ലാം വിവരങ്ങളാണ് ദിശാ ബോർഡുകളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) ആരെല്ലാമാണ് പദ്ധതിയുടെ നടത്തിപ്പിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികൾക്ക് മാർഗ്ഗനിർദ്ദേശം നൽകത്തക്ക വിധത്തിൽ ദിശാബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) സഞ്ചാരികൾക്ക് മാർഗ്ഗനിർദ്ദേശം നൽകത്തക്ക വിധത്തിൽ ആധുനിക രീതിയിലുള്ള ദിശാബോർഡുകൾ സംസ്ഥാനത്താകമാനം പാതയോരങ്ങളിലും വിനോദ സഞ്ചാരകേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിനായാണ് പദ്ധതി നടപ്പാക്കുന്നത്. ബോർഡുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളേയും ബോർഡുകളുടെ തരങ്ങളെയും സംബന്ധിച്ച് സ്വയംഭരണ സ്ഥാപനമായ നാറ്റ്പാക്ക് വിശദമായ പഠനം നടത്തിയശേഷമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) വിവിധ തരത്തിലുള്ള ബോർഡുകളാണ് സ്ഥാപിക്കുന്നത്. ഓരോ തരത്തിലുള്ള ബോർഡുകളിലും വിവിധ രീതിയിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ വിനോദസഞ്ചാര കേന്ദ്രത്തിന്റെ പേര്, ദൂരം, മാപ്പ് എന്നിവ ഉൾപ്പെടുന്നു. കേരളാ ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലേയ്ക്ക് എളുപ്പത്തിൽ എത്തിച്ചേരുവാനായി ക്യൂ.ആർ. കോഡും ബോർഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്വയംഭരണ സ്ഥാപനമായ നാറ്റ്പാക്ക് ആണ് പദ്ധതി നടത്തിപ്പിനായി ടൂറിസം വകുപ്പുമായി സഹകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly